കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -ആസ്തിവികസനം-**തരൂർ** നിയോജകമണ്ഡലം- കുത്തനൂർ പി.എച്ച്.സി അഡീഷണൽ ബ്ലോക്ക് -രണ്ടാംഘട്ടം - കുത്തനൂർ പഞ്ചായത്ത്,കാർഷിക ഉൽപ്പാദന വിപണന കേന്ദ്രം കെട്ടിടനിർമ്മാണം -കണ്ണമ്പ്ര പഞ്ചായത്ത് എന്നീ പ്രവൃത്തികൾക്ക്-ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ(സാധാ)നം.1711/17/തസ്വഭവ തിരുവനന്തപുരം, തീയതി :25.05.2017

പരാമർശം - 1.06/11/2012- തീയതിയിലെ സ.ഉ (അച്ചടി) 332/12/ധന നമ്പർ സ. ഉത്തരവ്
2.28/04/2017 തീയതിയിലെ തസ്വഭവ ചീഫ് എൻജിനീയറുടെഡി.ബി3- 5730/16/സി.ഇ /തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

**തരൂർ** നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന ബഹു; നിയമവകുപ്പ് മന്ത്രി **ശ്രീ.എ.കെ.ബാലൻ** എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന രണ്ട് പ്രവൃത്തികൾക്കായി ആകെ അടങ്കൽ തുകയായ **25 ലക്ഷം രൂപയ്ക്ക് (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം)** ഭരണാനുമതി ലഭിക്കുന്നതിന് സൂചന (2) പ്രകാരം തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എൻജിനിയർ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു.

| നമ്പർ | പ്രോജക്ട് ഐ.ഡി | പ്രവർത്തിയുടെ പേര് | തുക ലക്ഷത്തിൽ |
|---|---|---|---|
| 1 | 2879 | കുത്തനൂർ പി.എച്ച്.സി അഡീഷണൽ ബ്ലോക്ക് -രണ്ടാം ഘട്ടം - കുത്തനൂർ പഞ്ചായത്ത് | 10 |
| 2 | 2880 | കാർഷിക ഉൽപ്പാദന വിപണന കേന്ദ്രം കെട്ടിടനിർമ്മാണം -കണ്ണമ്പ്ര പഞ്ചായത്ത് | 15 |
| | | **ആകെ** | **25** |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും തരൂർ നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന ബഹു; നിയമവകുപ്പ് മന്ത്രി **ശ്രീ.എ.കെ.ബാലൻ** എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും മേൽ പരാമർശ്ശിച്ച രണ്ട് പ്രവൃത്തികൾക്കായി ആകെ അടങ്കൽ തുകയായ **25 ലക്ഷം രൂപയ്ക്ക് (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം)** വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും സൂചന (1) ലെ സർക്കാർ ഉത്തരവും പാലിച്ചുകൊണ്ട് താഴെപ്പറയുന്ന വ്യവസ്ഥകളോടെ ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

**1.**പ്രോജക്റ്റ് ഐ.ഡി. 2879 കുത്തനൂർ പി.എച്ച്.സി. അഡീഷണൽ ബ്ലോക്ക് രണ്ടാം ഘട്ടം എന്ന പ്രവൃത്തിയിൽ കുത്തനൂർ പി.എച്ച്.സി. അഡീഷണൽ ബ്ലോക്ക് എന്ന പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ഘടകങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**2.**പ്രോജക്റ്റ് ഐ.ഡി 2880 കാർഷിക ഉൽപ്പാദന വിപണന കേന്ദ്രം കെട്ടിടനിർമ്മാണം -കണ്ണമ്പ്ര പഞ്ചായത്ത് തുടർ നടത്തിപ്പും സംരക്ഷണവും സംബന്ധിച്ച് യാതൊരുവിധ തസ്തിക സൃഷ്ടിക്കലും

അനുവദിക്കുന്നതല്ല.

3. Lumpsum ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുകയുടെ ചെലവുകൾ യഥാർത്ഥ ചെലവുകളുമായി പൊരുത്തപ്പെടേണ്ടതും നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായും ആകേണ്ടതാണ് .

ആയത് സംബന്ധിച്ച് ചെലവ് '**4515-00-800-96-പ്രോജക്ട്സ് അണ്ടർ എൽ.എ.സി. എ.ഡി. എസ്**' എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എ.കെ മോഹനകുമാർ**
ഗവ.ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം
സെക്രട്ടറി, കുത്തനൂർ ഗ്രാമപഞ്ചായത്ത്
സെക്രട്ടറി, കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ).കേരളം തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ധനകാര്യ വകുപ്പ് (അ.നം.1181/എൻ.സി.സി.2/2017/ധന തീ.17/05/2017)
ത.സ്വ.ഭ.വ(ഒ.എസ്) വകുപ്പ്(ഡി.ബി.2/157/2017/ത.സ്വ.ഭ.വ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ